(സി) ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് എന്നീ ഏജൻസികളും മത്സ്യഭവൻ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചെമ്മീൻകൃഷി

45 (3986) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം ചെമ്മീൻ വിത്തുകൾ ഇറക്കുമതി ചെയ്യുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് എൽ. വനാമി ഇനത്തിൽപ്പെട്ട ചെമ്മീൻകൃഷി ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് നാടൻ ചെമ്മീനുകൾക്ക് രോഗം ഉണ്ടാക്കിയിട്ടുണ്ടോ ;

(ഡി) ഇപ്പോൾ ചെമ്മീൻ രോഗം സംസ്ഥാനത്ത് കാര്യമായ തോതിലുണ്ടോ ?

ഉത്തരം

(എ) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നും ചെമ്മീൻ വിത്തുകൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കാര്യമായ തോതിൽ ഇല്ല.

മത്സ്യഫെഡിന്റെ കീഴിലുള്ള ആറ്റുകൊഞ്ച് ഹാച്ചറികൾ

46 (3987) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ കീഴിൽ എത്ര ആറ്റുകൊഞ്ച് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയെന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ 3 വർഷങ്ങളിൽ ഈ ഹാച്ചറികളിൽ എത്ര രൂപയ്ക്കുള്ള ആറ്റുകൊഞ്ച് വിത്ത് വിൽപ്പന നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ ഹാച്ചറികളുടെ പ്രതിവർഷം മൊത്തം ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ആറ്റുകൊഞ്ചിന്റെ 'ബ്രൂഹ് സ്റ്റോക്ക്' ഓരോ വർഷവും എത്ര എണ്ണം വീതം വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഇ) ഈ ഹാച്ചറികളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ലാഭനഷ്ട കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലത്ത്.

(ബി)

2000-01	...	0.48 ലക്ഷം രൂപ.
2001-02	...	5.95 ലക്ഷം രൂപ.
2002-03	...	3.50 ലക്ഷം രൂപ.

(സി)

	2000-01	2001-02	2002-03
	(രൂപ ലക്ഷത്തിൽ)		
തള്ള ചെമ്മീൻ (രാസ-തീറ്റ വസ്തുക്കൾ)	0.129	2.29	1.13
ശമ്പളവും അലവൻസുകളും	5.310	4.84	3.83
യാത്രാ ചെലവ്	0.103	0.13	0.15
മറ്റു ചെലവുകൾ (വൈദ്യുതി, വെള്ളം, പോസ്റ്റേജ് തുടങ്ങിയവ)	0.788	2.08	1.49
ആകെ	6.33	9.34	6.60

(ഡി)

	2000-01	2001-02	2002-03
എണ്ണം	6 ലക്ഷം മുട്ട	128 എണ്ണം	170 എണ്ണം
തുക	0.12 രൂപ	1.29 രൂപ	146 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	2000-01	2001-02	2002-03
വരവ്	0.48	5.95	3.58
ചെലവ്	6.33	9.34	6.60
ലാഭ-നഷ്ടം	5.86	3.39	3.02

മറൈൻ-ഫ്രഷ് വാട്ടർ അക്വേറിയങ്ങൾ

47 (3988) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്ഥാപിച്ചിട്ടുള്ള മറൈൻ-ഫ്രഷ് വാട്ടർ അക്വേറിയങ്ങൾ എവിടെയൊക്കെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ; ഇവയുടെ പരിപാലനത്തിനായി ഓരോവർഷവും എന്ത് തുക ചെലവാകുന്നുണ്ട് ; ഇവയിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന വരുമാനം എത്രയാണ് ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം ഏതെങ്കിലും അക്വേറിയം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇവ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സമുദ്രജൈവ വൈവിധ്യ പഠനങ്ങൾക്ക് ഏറെ സഹായകമായുള്ള മറൈൻ അക്വേറിയങ്ങൾ പരിപാലിക്കാനും, പുതിയവ സ്ഥാപിക്കാനും എന്തെല്ലാം നടപടികളാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിൽ മലമ്പുഴയിൽ ഫ്രഷ് വാട്ടർ അക്വേറിയം പ്രവർത്തിക്കുന്നുണ്ട്. മലമ്പുഴ ഫ്രഷ് വാട്ടർ അക്വേറിയത്തിന്റെ പരിപാലനത്തിനായി 1-4-2002 മുതൽ 31-3-2003 വരെ 5,15,179 രൂപ ചെലവ് വന്നിട്ടുണ്ട്. ഇക്കാലത്ത് 8,85,738 രൂപ വരവ് ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അക്വേറിയങ്ങളുമായി ബന്ധപ്പെട്ട ജല വൈവിധ്യ പഠനങ്ങൾക്കും അലങ്കാര മത്സ്യങ്ങളുടെ വിപണനസൗകര്യം വിപുലപ്പെടുത്തുന്നതിനുമായി ഒരു അക്വാപാർക്ക് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

അലങ്കാര മത്സ്യകൃഷിക്കാർക്ക് സഹായപദ്ധതികൾ

48 (3989) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യങ്ങൾ വളർത്തുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് എന്തെല്ലാം സഹായപദ്ധതികളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly